"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതി-ഭവന നിർമ്മാണം -അക്കൗണ്ടിലുള്ള തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.609/2026/LSGD    തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-

1. ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 06/08/2025 ലെ സാധാരണയോഗത്തിലെ 18/1 നമ്പർ തീരുമാനം.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 23/02/2026 ലെ ഖണ്ഡിക (4.42) തീരുമാനം

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിച്ചു നൽകുന്നതിന് മുൻവർഷങ്ങളിൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. പ്രസ്തുത പ്രോജക്റ്റിൽ ചെലവഴിക്കാത്ത 31,01,047 രൂപയും പലിശയും ചേർത്ത് 38,40,425 രൂപ കുടുംബശ്രീ സിഡിഎസ് അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. മേൽ തുക ലൈഫ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആശ്രയ കുടുംബത്തിനും പട്ടികവർഗ്ഗ കുടംബത്തിനും ഭവന നിർമ്മാണത്തിനും ഉപയോഗിക്കാൻ അനുമതി യ്ക്കായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ പരാമർശം - 1 പ്രകാരം തീരുമാനിച്ചു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23/02/2026 ലെ യോഗം ഈ വിഷയം പരിശോധിച്ച് തീരുമാനമെടുത്തത് പ്രകാരം കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയിലെ പ്രോജക്റ്റിൽ ചെലവഴിക്കാതെ കുടുംബശ്രീ സി.ഡി.എസ് ന്റെ അക്കൗണ്ടിലുള്ള 31,01,047/ രൂപ ആയതിന്റെ പലിശയുമടക്കം 38,40,425 രൂപ, (മുപ്പത്തിഎട്ടു ലക്ഷത്തി നാല്പത്തിനായിരത്തിനാനൂറ്റിഇരുപത്തിയഞ്ചു രൂപ

മാത്രം) ആശ്രയ കുടുംബത്തിന് മുൻഗണന നൽകേണ്ടതാണ് എന്ന വ്യവസ്ഥയിൽ, ലൈഫ് പട്ടികയിലുള്ള ആശ്രയ കുടുംബത്തിനും പട്ടികവർഗ്ഗ കുടുംബത്തിനും വീട് നിർമ്മാണത്തിന് ഉപയോഗിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

സെക്രട്ടറി, ദേലംപാടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 06-03-2026 16:50:38

സെക്ഷൻ ഓഫീസർ